LIBRARY ARCHIVES Kerala Legislative Assembly

ജോയിന്റ് ഡയറക്ടർ പോസ്റ്റിലേക്ക് സ്പെഷ്യൽ റൂൾസ്

109 (1580) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസിപ്പൽ കോമൺ സർവ്വീസിൽ ജോയിന്റ് ഡയറക്ടർ (ഹെൽത്ത്) പോസ്റ്റിലേക്ക് സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റൂളിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഇല്ല.

ആലുവ മുനിസിപ്പാലിറ്റി ആസ്ഥാനം

110 (1581) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുതായി രൂപീകരിച്ച ആലുവ മുനിസിപ്പാലിറ്റിയുടെ ആസ്ഥാനം എവിടെയാണ്; അവിടെ ആവശ്യമായ ജീവനക്കാരെ വിന്യസിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ജീവനക്കാരുടെ നിയമന നടപടി എപ്പോൾ പൂർത്തിയാകുമെന്നും അറിയിക്കുമോ?

ഉത്തരം

പുതുതായി രൂപീകരിച്ച ആലുവ മുനിസിപ്പാലിറ്റിയുടെ ആസ്ഥാനം ആലുവ ആണ്. പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളിൽ തസ്തികകൾ സൃഷ്ടിച്ച് സർക്കാർ ഉത്തരവാകുന്നതുവരെ തളിപ്പറമ്പ് നഗരസഭാ സെക്രട്ടറി ആലുവ നഗരസഭയുടെ ചാർജ് വഹിക്കുന്നതിനും തളിപ്പറമ്പ് നഗരസഭയിലെ ജീവനക്കാരെ ഉപയോഗിച്ചുതന്നെ ഓഫീസ് നിർവ്വഹണം നടത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുതായി രൂപീകരിക്കപ്പെട്ട മുനിസിപ്പാലിറ്റികളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. 25-11-2015-ലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 3.39 തീരുമാനപ്രകാരം പുതുതായി രൂപീകരിച്ച ആലുവ നഗരസഭയ്ക്ക് ആവശ്യമായ സ്റ്റാഫിനെ ഡെപ്യൂട്ടേഷൻ/മുനിസിപ്പാലിറ്റിയിൽ നിന്നും നിയമിക്കുന്നതിനും തളിപ്പറമ്പ് നഗരസഭയ്ക്ക് അനുവദിച്ച വികസനഫണ്ട്, ജനറൽ പർപ്പസ് ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവ ജനസംഖ്യാനുപാതികമായി വീതിച്ച് നല്കുന്നതിനും പുതുതായി ട്രഷറി/ ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനും പുതിയ പദ്ധതികൾ രൂപീകരിക്കുന്നതിന് ആവശ്യമായ ഭേദഗതി വരുത്തുന്നതിനും, 10 ലക്ഷം രൂപയിൽ കവിയാത്ത തുകയുള്ള പുതിയ വാഹനവും വാങ്ങുന്നതിനും അനുമതി നൽകിയിട്ടുണ്ട്.